പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1907 — 04.12.2018-ലെ മറുപടിക്ക്

## കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിന്നും ഇപ്പോൾ പ്രതിദിനം എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്; | (എ) | കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പ്രതിദിനം 138 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോയുടെ ശരാശരി പ്രതിദിന വരുമാനം എത്രയാണ്; | (ബി) | നവംബർ മാസത്തെ കണക്ക് പ്രകാരം പ്രതിദിനം ശരാശരി 11,57,677 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഡിപ്പോയിൽ നിന്നും നടത്തിവന്ന എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്; അവ ഏതെല്ലാമാണ്; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര ഡിപ്പോയിൽ നിന്നും സർവ്വീസുകളൊന്നും റദ്ദ് ചെയ്തിട്ടില്ല. |
| (ഡി) | സർവ്വീസുകൾ ലാഭകരമാക്കുന്നതിനായി പുനക്രമീകരിച്ച സർവ്വീസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | സർവ്വീസുകൾ ലാഭകരമാക്കുന്നതിലേക്കായി എല്ലാ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടി പാറ്റേണിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ 06.00 മണി കൊട്ടാരക്കര-ഗുരുവായൂർ സർവ്വീസ് കൊട്ടാരക്കര-എറണാകുളം-തിരുവനന്തപുരം-കൊട്ടാരക്കര എന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ